2016-17 ബഡ്ജറ്റ് പ്രകാരം കിഫ്ബി മുഖേന നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വർക്കല സബ് രജിസ്ട്രാർ ഓഫീസിന് 1,75,58,000 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സോണൽ എക്സ്റ്റംഷനുവേണ്ടിയുള്ള നടപടിയും, പരിഷ്കരിച്ച സൈറ്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് കെട്ടിട നിർമ്മാണം സംബന്ധിച്ച് കെട്ടിടത്തിന്റെ ബിൽഡിംഗ് പെർമിറ്റ്, അപ്രൂവ്ഡ് പ്ലാൻ എന്നിവ കിഫ്ബിയിലേക്ക് സമർപ്പിക്കുകയും, പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തെ പഴയ കെട്ടിടം പൊളിച്ചു മാറ്റുകയും ചെയ്തിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ?

കോവിഡ് മഹാമാരിയോടനുബന്ധിച്ച് ചില നിയന്ത്രണങ്ങൾ നിലവിൽ വന്നതിനാൽ ടെണ്ടർ കമ്മിറ്റി 2021 ജൂൺ അവസാനവാരമാണ് കൂടിയത്. പ്രസ്തുത ദർഘാസിൽ പങ്കെടുത്ത ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ ഈ പ്രവൃത്തിയുടെ ഫോം പിരീഡ് നീട്ടി നൽകുന്നതിനും പ്രവൃത്തി ഏറ്റെടുക്കുന്നതിനും വിസമ്മതം പ്രകടിപ്പിച്ചതിനാൽ പ്രസ്തുത ദർഘാസ് റദ്ദ് ചെയ്ത് 23-7-2021-ൽ പുനർദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. ആയതിന്റെ ഓപ്പണിംഗ് 6-8-2021-നാണ് തീരുമാനിച്ചിരിക്കുന്നത്. ദർഘാസിന്റെ നടപടികൾ പൂർത്തീകരിച്ച് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

(സി) പ്രസ്തുത ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് വാടകയിനത്തിൽ എത്ര രൂപ ചെലവ് വരുന്നുവെന്ന് വ്യക്തമാക്കാമോ?

പ്രതിമാസം 30,000 (മുപ്പതിനായിരം രൂപ) വാടക ഇനത്തിൽ ചെലവ് വരുന്നുണ്ട്.

**രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണം**

271 (3703) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാലക്കാട് ജില്ലയിലെ ഏതെല്ലാം രജിസ്ട്രേഷൻ ഓഫീസുകളാണ് നവീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിനായി അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി, ഒറ്റപ്പാലം, തൃത്താല, വടക്കഞ്ചേരി, കുമരനെല്ലൂർ, കുഴൽമന്ദം, അലനല്ലൂർ, നെന്മാറ, മണ്ണാർക്കാട്, ചിറ്റൂർ, അഗളി എന്നീ സബ് രജിസ്ട്രാർ ഓഫീസുകൾ നവീകരിച്ചിട്ടുണ്ട്. ഇതിനായി അനുവദിച്ച/ചെലവായ തുക ചെറുപ്പുളശ്ശേരി-1,13,48,041 (കിഫ്ബി) ഒറ്റപ്പാലം-1,27,76,221 (കിഫ്ബി) തൃത്താല-1,00,24,146 (കിഫ്ബി) വടക്കഞ്ചേരി-48,78,743 (pwd) കുമരനെല്ലൂർ-78,81,288 (pwd) കുഴൽമന്ദം-59.30 ലക്ഷം (കിഫ്ബി) അലനെല്ലൂർ-7,20,983 (pwd) നെന്മാറ-2,04,534.46 (pwd) മണ്ണാർക്കാട്-3,00,000 (pwd) ചിറ്റൂർ-9,44,562 (pwd) അഗളി -1,40,000 (pwd) പ്രവൃത്തി-നിലവിലെ സ്ഥിതി ചെർപ്പുളശ്ശേരി, ഒറ്റപ്പാലം, തൃത്താല, വടക്കഞ്ചേരി, കുമരനെല്ലൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ പുതിയകെട്ടിട നിർമ്മാണം പൂർത്തിയാക്കി ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിച്ചിട്ടുണ്ട്. കുഴൽമന്ദം-പുതിയ കെട്ടിടത്തിന്റെ നിർമ്മാണം, തിരുവനന്തപുരം എൽ.എസ്.ജി.ഡി. ടൈബ്യൂണലിന്റെ സ്റ്റേ ഉള്ളതിനാൽ പൂർത്തിയായിട്ടില്ല. സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അലനെല്ലൂർ-അറ്റകുറ്റപണികൾ പൂർത്തിയാക്കി. കുഴൽ കിണർ, വാട്ടർ ടാങ്ക് എന്നിവയുടെ പണി തുടങ്ങിയിട്ടില്ല. നെന്മാറ, മണ്ണാർക്കാട്, ചിറ്റൂർ എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി. അഗളി - രണ്ട് റാംപ്, ചവിട്ടുപടികൾ എന്നിവയുടെ പണികൾ പൂർത്തീകരിച്ചു വരുന്നു.

**വാമനപുരം മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ**

272(3704) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ സബ് രജിസ്ട്രാർ ഓഫീസുകൾ ഏതൊക്കെയെന്നും അവ എവിടെയാണ് പ്രവർത്തിക്കുന്നതെന്നും അറിയിക്കാമോ?

വാമനപുരം മണ്ഡലത്തിൽ വാമനപുരം, കല്ലറ, പാലോട് എന്നീ സബ് രജിസ്ട്രാർ ഓഫീസുകളാണുള്ളത്. വാമനപുരം സബ് രജിസ്ട്രാർ ആഫീസ് വാമനപുരം ജംഗ്ഷനിൽ വാമനപുരം പഞ്ചായത്തിൽ വാർഡ് IV ൽ 331-ാം നമ്പർ സർക്കാർ വക കെട്ടിടത്തിലും കല്ലറ സബ് രജിസ്ട്രാർ ആഫീസ് കല്ലറ പഞ്ചായത്ത് വക കെട്ടിടത്തിലും പാലോട് സബ് രജിസ്ട്രാർ ആഫീസ് നന്ദിയോട് ഗ്രാമപഞ്ചായത്തിൽ കുറുന്താളി വാർഡിൽ പാലോട് ബസ് സ്റ്റാന്റിന് സമീപം സർക്കാർ വക കെട്ടിടത്തിലും പ്രവർത്തിച്ചുവരുന്നു.